# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:216 — 19.12.2012 - ൽ മറുപടിക്ക്

## സ്റ്റാറ്റസ് അലർട്ട് സിസ്റ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എ.റ്റി. ജോർജ് .<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ഡി. സതീശൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയിൽ ''സ്റ്റാറ്റസ് അലർട്ട് സിസ്റ്റം'' ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) വാട്ടർ അതോറിറ്റിയിൽ പ്രോജക്ട് സ്റ്റാറ്റസ് അലർട്ട് സിസ്റ്റം (PASK) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സിസ്റ്റം വഴി ലഭിക്കുന്നത് ; | (ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏകദേശം 200 പദ്ധതികളിലുള്ള എഴുന്നൂറോളം പാക്കേജുകളുടെ നിലവിലുള്ള വിവരം ഈ സിസ്റ്റത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. താഴെ പറയുന്ന കാര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക:-<br>1. പദ്ധതിയുടെ രൂപം, പട്ടിക, രേഖാചിത്രങ്ങൾ, ഫോട്ടോകൾ, പ്രധാന വിവരങ്ങൾ എന്നിവ.<br>2. പദ്ധതി നടത്തിപ്പിലെ വിവിധ വിഭാഗങ്ങളെ ബന്ധിപ്പിക്കുകയും പുരോഗതി തത്സമയം അറിയിക്കുകയും ചെയ്യുക.<br>3. വളരെ എളുപ്പത്തിലും സുഗമമായും എല്ലാ പദ്ധതികളേയും വിലയിരുത്തുക.<br>4. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഉടൻ നടപടി എടുക്കുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.<br>5. പദ്ധതിയുടെ ഗുണഭോക്താക്കളായ പൊതുജനങ്ങൾക്ക് പൂർണ്ണമായും സൗജന്യമായി വിവരം ലഭ്യമാക്കുക.<br>6. ഇതിനായി നൂതന സാങ്കേതിക വിദ്യയായ എസ്.എം.എസ്, വെബ് സൈറ്റ് തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തുക.<br>7. പദ്ധതിയുടെ പുരോഗതി തത്സമയം ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റിനും, സാമ്പത്തിക ഏജൻസികൾക്കും ലഭ്യമാക്കുക. |

| | |
|---|---|
| (സി) പദ്ധതികളുടെ തത്സമയ സ്ഥിതി ജനങ്ങൾക്ക് അറിയുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ? | (സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റായ "www.kwa.kerala.gov.in" ലെ PASK എന്ന ലിങ്ക് വഴി പൊതുജനങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. കൂടാതെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി താല്പര്യമുള്ള പ്രോജക്ടുകളുടെ തത്സമയ വിവരങ്ങൾ എസ്.എം.എസ് മുഖേന സൗജന്യമായി അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ